**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :123

11.02.2013 ൽ മറുപടിക്ക്

ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന ഭവന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഗ്രാമവികസന വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | എ) ഗ്രാമവികസനവകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന **കേന്ദ്രാവിഷ്കൃത** ഭവന പദ്ധതി ഇന്ദിരാ ആവാസ് യോജനമാത്രമാണ്. |
| ബി) 2012-'13 ൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ എന്ത് ഭൗതിക നേട്ടം ഉദ്ദേശിക്കുന്നു; ഇതിൽ എത്ര മാത്രം നേടാനായി; ആ നിലയിലേക്കുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) 2012-13ൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഭൗതിക ലക്ഷ്യമായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത് 59620 വീടുകളാണ്. ഇതിൽ 22325 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.ഭവനനിർമ്മാണത്തിന്റെ പുരോഗതി ഓരോമാസവും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി തലത്തിൽ വിലയിരുത്തുകയും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ ജില്ലാതല അവലോകനത്തിനായി നൽകുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ട് ഡയറക്ടർമാർ ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസറുടെയും ബ്ളോക്ക് എക്സ്റ്റൻഷൻ ഓഫീസർ (പി&എം)മാരുടെയും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെയും പ്രത്യേകം പ്രത്യേകം അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം പ്രശ്നപരിഹാരനിർദ്ദേശങ്ങൾ |

നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതലത്തിലും കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയ തലത്തിലും പദ്ധതിയുടെ പുരോഗതി വിലയിരുത്തപ്പെടുന്നുണ്ട്

| | | | |
|---|---|---|---|
| സി) | പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-'13 ൽ അർഹതപ്പെട്ട വിഹിതം കൈമാറിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; വിശദാംശങ്ങൾ നൽകുമോ; | സി) | പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപണങ്ങൾക്ക് 2012-13 ൽ അർഹതപ്പെട്ട വിഹിതം 26828.41 ലക്ഷം രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം - 20121.29 ലക്ഷം രൂപയും. സംസ്ഥാന വിഹിതം - 6707.12 ലക്ഷം രൂപയുമാണ്. ഇതിൽ കേന്ദ്ര വിഹിതമായി ലഭിച്ച ആദ്യഗഡുതുകയായ 10060.645 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി ആകെ 3353.549 ലക്ഷം രൂപയും കൈമാറിയിട്ടുണ്ട്. രണ്ടാം ഗഡുതുകയ്ക്ക് കേന്ദ്രസർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനവിഹിതവും ചേർത്ത് തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്ക് നൽകുന്നതാണ് |
| ഡി) | പദ്ധതികൾ നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രയാസം നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ? | ഡി) | ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് നൽകി വന്നിരുന്ന ഭവന നിർമ്മാണ ധനസഹായം 15.09.2011 മുതൽ പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷമായിരുന്നത് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം ആയിരുന്നത് 2.50 ലക്ഷം രൂപയായും പൊതു വിഭാഗത്തിന് 75,000/- രൂപയായിരുന്നത് 2.00 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ നിരക്കിൽ നൽകേണ്ടതുകയുടെ അധിക ധന സഹായം 25:50:25 എന്ന അനുപാതത്തിൽ വകയിരുത്തുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന് പുറമേയായി വരുന്ന അധിക ബാധ്യതയിൽ ഒരു വീടിന് 75,000/- രൂപ സംസ്ഥാന സർക്കാർ വിഹിതമായി അനുവദിക്കേണ്ടതിനായി 100 കോടി രൂപ ആവശ്യാനുസരണം |

അനുവദിക്കുന്നതായിരിക്കുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതിനു പുറമെ അധിക ബാധ്യത പരിഹരിക്കുന്നതിന് ഹഡ്കൊയിൽ നിന്നും വായ്പയെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ